## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

3.12.2015 - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 93

## കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം.ആരിഫ്<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.ദാസൻ<br>" സി.കെ.സദാശിവൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
| എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ; | എ) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ചകിരിയുടെ ദൗർലഭ്യം കയർമേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. അംഗസംഘങ്ങളിൽ നിന്നും കയർഫെഡ് സംഭരിച്ച കയറിന് നൽകാനുള്ള തുകയായ 6.50 കോടി രൂപ കയർഫെഡിന് നടപ്പുവർഷം അനുവദിച്ചു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ പദ്ധതി യും നാളികേര വികസന ബോർഡുമായിട്ടുള്ള 102.79 ലക്ഷം രൂപയുടെ പ്രോജക്റ്റിനും സർക്കാർ ഭരണാനുമതി നൽകിയിട്ടു ണ്ട്. പ്രവർത്തന ക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ അനുവദിച്ചു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത നടപടികൾ കയർ തൊഴിലാളികൾക്ക് ആശ്വാസം പകരാൻ സഹായകമായിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ച നടപടികളെ തുടർന്ന് ഈ മേഖലയിൽ |

| | |
|---|---|
| | കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി തൊഴിലാളികൾക്ക് ആശ്വാസം പകരാനും സഹായകമായിട്ടു ണ്ട്. പ്രവർത്തന ക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ കൂടാതെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരമുള്ള ധനസഹായവും 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെ തുടർന്ന് ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടു ണ്ട്. |
| സി) കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ ഉന്നയിച്ചുകൊ ണ്ട് കയർ തൊഴിലാളികൾ അടുത്തകാലത്ത് സമരം നടത്തുകയുണ്ടായോ; എങ്കിൽ പ്രസ്തുത സമരത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു.; | സി) കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കയർ തൊഴിലാളികൾ അടുത്ത കാലത്ത് സമരം നടത്തുകയുണ്ടായിട്ടു ണ്ട്. കയർ വ്യവസായം സംരക്ഷിക്കുക, തൊഴിലും കൂലിയും ഉറപ്പുവരുത്തുക, തൊഴിൽ അല്ലെങ്കിൽ ആശ്വാസ ധനം നൽകുക, കയർ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള 3 കോടി രൂപ നൽകുക, 6 മാസമായി പെൻഷൻ കിട്ടുന്നില്ല. കുടിശ്ശിക ഉടൻ നൽകുക, പെൻഷൻ 1000/- രൂപയായി വർദ്ധിപ്പിക്കുക, തൊണ്ടും ചകിരിയും സംഭരിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കുക, സംഘങ്ങൾക്ക് പ്രവർത്തനമൂലധനം നൽകുക, നിലവിലുള്ള കടബാദ്ധ്യതകൾ എഴുതി തള്ളുക, ജപ്തി നടപടികൾ നിർത്തി വയ്ക്കുക, ഉൽപ്പാദന ക്ഷമതയുള്ള യന്ത്രവൽകൃത റാട്ടുകളും ലൂമുകളും തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കും നൽകുക. ക്രയവില സ്ഥിരതാ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുക എന്നിവ ആയിരുന്നു സമരത്തിന്റെ പ്രധാന ആവശ്യങ്ങൾ. |

| | |
|---|---|
| ഡി) തൊഴിലാളി സംഘടനാ പ്രതിനിധികളുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; സർക്കാരിനേയും സംഘടനയെയും പ്രതിനിധീകരിച്ച് ചർച്ചകളിൽ പങ്കെടുത്തവർ ആരെല്ലാമായിരുന്നു; | ഡി) സമരം ചെയ്ത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ബഹു. റവന്യു-കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.04.2015 ന് സർക്കാർ ചർച്ച നടത്തിയിരുന്നു. ബഹു. മന്ത്രിയെ കൂടാതെ സർക്കാരിനെ പ്രതിനിധീകരിച്ച് കയർ വകുപ്പു സെക്രട്ടറി ശ്രീമതി. റാണി ജോർജ്ജ് ഐ.എ.എസ്., കയർ വികസന വകുപ്പു ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന അഡിഷണൽ കയർ വികസന ഡയറക്ടർ ശ്രീമതി. കെ.എസ്. അനിത എന്നിവരും ചർച്ചയിൽ പങ്കെടുത്തു.<br><br>തൊഴിലാളി സംഘടനകളെ പ്രതിനിധീകരിച്ച് താഴെ പറയുന്നവർ ചർച്ചയിൽ പങ്കെടുത്തു.<br>1. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ. പ്രസിഡന്റ്, കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു.)<br>2. ശ്രീ. പി. തിലോത്തമൻ, എം.എൽ.എ. പ്രസിഡന്റ്, കേരള സ്റ്റേറ്റ് കയർ തൊഴിലാളി ഫെഡറേഷൻ (എ.ഐ.റ്റി.യു.സി.)<br>3. ശ്രീ. ആനത്തലവട്ടം ആനന്ദൻ, ജനറൽ സെക്രട്ടറി, കേരള കയർ വർക്കേഴ്സ് സെന്റർ (സി.ഐ.റ്റി.യു.)<br>4. ശ്രീ. എ. കെ. രാജൻ, ഐ.എൻ.റ്റി.യു.സി.<br>5. ശ്രീ. വി. സി. അലോഷ്യസ്, ഐ.എൻ.റ്റി.യു.സി.<br>6. ശ്രീ. കെ. കെ. ഗണേശൻ, കേരള കയർ വർക്കേഴ്സ് സെന്റർ, സി.ഐ.റ്റി.യു.<br>7. അഡ്വ. എൻ. സായികുമാർ കേരള കയർ വർക്കേഴ്സ് സെന്റർ, സി.ഐ.റ്റി.യു.<br>8. ശ്രീ. പി. വി. സത്യനേശൻ, ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് കയർ തൊഴിലാളി ഫെഡറേഷൻ, എ.ഐ.റ്റി.യു.സി.<br>9. അഡ്വ. കെ. രത്നകുമാർ, ജനറൽ സെക്രട്ടറി, ആൾ കേരള കയർ തൊഴിലാളി ഫെഡറേഷൻ, യു. റ്റി. യു.സി.<br>10. ശ്രീ. പൂന്തുറ സജി, സെക്രട്ടറി , യു.റ്റി.യു.സി.<br>11. ശ്രീ. എസ്. എൻ. സജി കുമാർ, സി.ഐ.റ്റി.യു.<br>12. ശ്രീ. ആർ. ദേവരാജൻ, |

| | |
|---|---|
| | ഐ.എൻ.റ്റി.യു.സി.<br>13. അഡ്വ. വി. മോഹൻദാസ്, കയർ യൂണിയൻ പ്രസിഡന്റ്, ജില്ലാ കമ്മറ്റി ഓഫീസ് എ.ഐ.യു.റ്റി.സി. |
| ഇ) ഇതു സംബന്ധിച്ച ഒത്തുതീർപ്പു വ്യവസ്ഥകൾ പാലിക്കാൻ കഴിഞ്ഞിട്ടു ണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | ഇ) കയർഫെഡ് സംഘങ്ങൾക്ക് നൽകുവാനു ണ്ടായിരുന്ന 6.5 കോടി രൂപ സർക്കാർ അനുവദിച്ചു നൽകി. കയർ തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതിയിൻ കീഴിൽ 6 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായി. സംഘങ്ങളിൽ സ്റ്റോക്കുള്ളതും ഉൽപ്പാദിപ്പിക്കുന്നതുമായ കയർ കയർഫെഡ് സംഭരിച്ചുവരുന്നു. പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനാവശ്യമായ പ്രവർത്തന മൂലധനം നൽകുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.<br><br>കയർ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ